## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1289 | 01.07.2015-ൽ മറുപടിയ്ക്ക്

## പി.ഡബ്ല്യൂ.ഡി കരാറുകാർക്കുള്ള കുടിശ്ശിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കരാറുകാർക്ക് 28.02.2015 വരെ കുടിശ്ശിക ബില്ലിനത്തിൽ 1711.19 കോടി രൂപയും, കെട്ടിടവിഭാഗത്തിൽ 02/2015 വരെ 477.97 കോടി രൂപയും, ദേശീയപാതാ വിഭാഗത്തിൽ 45.72 കോടി രൂപയും കുടിശ്ശിക നൽകാനുണ്ട്. |
| (ബി) ഇതുമൂലം കരാർ പ്രവൃത്തികൾക്ക് താമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) സാമ്പത്തിക പ്രതിസന്ധി കാരണം പൊതുമരാമത്ത് വകുപ്പിൽ നേരത്തേ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മടി കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്ന ശേഷം സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടുണ്ട്. |
| (സി) കുടിശ്ശിക തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. റോഡുകളും പാലങ്ങളും വിഭാഗത്തിലെ സെപ്റ്റംബർ 2014 വരെയുള്ള ബില്ലുകൾക്കും കെട്ടിടവിഭാഗത്തിലെ ഡിസംബർ 2014 വരെയുള്ള ബില്ലുകൾക്കും ബിൽ ഡിസ്കൗണ്ടിംഗ് നൽകി തുക നൽകാൻ ഉത്തരവായിട്ടുണ്ട്. ബിൽ ഡിസ്കൗണ്ട് ചെയ്യുമ്പോൾ കരാറുകാർ വഹിക്കേണ്ടി വരുന്ന പലിശയുടെ 50% സർക്കാർ വഹിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**